സംഘടനകൾക്കുള്ള ധനസഹായ പദ്ധതി

321 (987) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സന്നദ്ധ പ്രവർത്തനങ്ങളിലൂടെ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക സ്ഥിതി ഉയർത്തുന്നതിനുള്ള പദ്ധതി പ്രകാരം സംഘടനകൾക്കുള്ള ധനസഹായ പദ്ധതിക്കായി 2013-14-ലും 2014-15- ലും ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നുവെന്നും ആയതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

1. 2013-14 — 15,00,00,000 (15 കോടി)

2. 2014-15 — 15,00,00,000 (15 കോടി)

90% കേന്ദ്ര സഹായമുള്ള ഈ പദ്ധതി പ്രകാരം വകയിരുത്തുന്ന തുകയുടെ 10% മാത്രമാണ് സംസ്ഥാന വിഹിതമായി ചെലവഴിക്കേണ്ടിവരുന്നത്. അതും ഭരണപരമായ ആവശ്യങ്ങൾവേണ്ടിവരുന്നിടത്തുമാത്രം. പ്രസ്തുത പദ്ധതി കേന്ദ്രഗവൺമെന്റ് നേരിട്ട് നടത്തുന്നതിനാൽ സംസ്ഥാനത്തിന് ഈയിനത്തിൽ ചെലവുണ്ടായില്ല.

വിജ്ഞാനവാടികളുടെ പ്രവർത്തനം

322 (988) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജ്ഞാനവാടികളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) തൃശ്ശൂർ ജില്ലയിൽ വിജ്ഞാനവാടികൾ ആരംഭിക്കുന്നതിന് തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) പൂർത്തീകരിച്ച വിജ്ഞാനവാടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും ഓരോ പട്ടികജാതി കോളനി തെരഞ്ഞെടുത്ത് അവിടെ ഇന്റർനെറ്റ് സംവിധാനത്തോടെയുള്ള കമ്പ്യൂട്ടറും ലൈബ്രറി-കം-റീഡിംഗ് റൂമും ഉൾപ്പെടുന്ന ഓരോ വിജ്ഞാൻവാടി സ്ഥാപിക്കുവാൻ തീരുമാനിച്ചിരുന്നു. പട്ടികജാതിയിൽപ്പെടുന്ന യുവതീയുവാക്കൾക്കും വിദ്യാർത്ഥികൾക്കും ആനുകാലിക വിജ്ഞാനസമ്പാദനത്തിനും ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിനുമായാണ് വിജ്ഞാൻവാടികൾ ആരംഭിച്ചത്.

രണ്ടാംഘട്ടത്തിൽ സംസ്ഥാനത്ത് ഒട്ടാകെ 1000 വിജ്ഞാൻവാടികൾ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്തിരുന്നു. 500 സ്ക്വയർ ഫീറ്റ് കെട്ടിടം നിർമ്മിച്ച് അതിൽ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി)

1. പാറളം
2. വേളൂക്കര
3. കോടശ്ശേരി
4. മറ്റത്തൂർ
5. കൈപ്പറമ്പ്
6. പാഞ്ഞാൾ
7. അരിമ്പൂർ
8. അന്നമനട
9. തെക്കുംകര എന്നീ പഞ്ചായത്തുകളിൽ ഒന്നാം ഘട്ടത്തിൽ വിജ്ഞാൻവാടികൾ ആരംഭിച്ചു.

രണ്ടാംഘട്ടത്തിൽ വിജ്ഞാൻവാടികൾ ആരംഭിക്കുന്നതിന് തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളും ഓരോ പഞ്ചായത്തിലെയും കോളനികളുടെ എണ്ണവും ചുവടെ ചേർക്കുന്നു :

ക്രമ. നമ്പർ	പഞ്ചായത്ത്/ മുനിസിപ്പാലിറ്റി	കോളനികളുടെ എണ്ണം
(1)	(2)	(3)
1	പാണഞ്ചേരി	4
2	പുത്തൂർ	1
3	തളിക്കുളം	2
4	വല്ലച്ചിറ	1
5	അവിണിശേരി	1
6	മുരിയാട്	3
7	കാറളം	1
8	പടിയൂർ	1
9	പുത്തൻചിറ	2
10	വേളൂക്കര	1
11	വെള്ളാങ്കല്ലൂർ	1
12	പൂമംഗലം	1
13	ശ്രീനാരായണപുരം	1
14	കയ്പമംഗലം	1
15	കൊരട്ടി	1
16	അതിരപ്പിള്ളി	1
17	കാടുകുറ്റി	1
18	പരിയാരം	1
19	മേലൂർ	1
20	കാട്ടകാമ്പാൽ	1
21	പോർക്കുളം	1

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
22	മാള	2
23	പൊയ്യ	2
24	ചാഴൂർ	1
25	വള്ളത്തോൾ നഗർ	1
26	പൂന്നയൂർ	1
27	വടക്കേക്കാട്	1
28	ചേർപ്പ്	1
29	അടാട്ട്	1
30	കണ്ടാണശ്ശേരി	1
31	കോലഴി	1
32	മുളങ്കുന്നത്ത് കാവ്	1
	ആകെ കോളനികൾ	41

ഇതിനുപുറമെ ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിൽ ഒന്നും, കുന്നംകുളം മുനിസിപ്പാലിറ്റിയിൽ നാലും, ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ഒന്നും കോളനികളിലും പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(സി) ഒന്നാം ഘട്ടത്തിൽ ആരംഭിച്ച 9 വിജ്ഞാൻവാടികളുടെയും രണ്ടാം ഘട്ടത്തിൽ പൂർത്തീകരിച്ച 2 വിജ്ഞാൻവാടികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

ക്രമ. നം	പഞ്ചായത്ത്	കോളനി
1	പാറളം	ശിവപുരം കോളനി
2	വേളൂക്കര	നടവരമ്പ് എസ്.സി. കോളനി
3	കോടശ്ശേരി	നായരങ്ങാടി എസ്.സി. കമ്മ്യൂണിറ്റി ഹാൾ
4	മറ്റത്തൂർ	നാഡിപ്പാറ
5	കൈപ്പറമ്പ്	കൊള്ളന്നൂർ സാംസ്കാരിക നിലയം
6	പാഞ്ഞാൾ	കുറുപ്പംതൊടി
7	അരിമ്പൂർ	കുളക്കടവ് കോളനി
8	അന്നമനട	ഭൂരഹിത കർഷക എസ്.സി. കോളനി
9	തെക്കുംകര	മണലിത്തറ കോളനി

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാം ഘട്ടം:

ക്രമ.നം.	പഞ്ചായത്ത്	കോളനി
1	കോലഴി	വലിയപറമ്പ് ജവഹർ കോളനി
2	മുളങ്കുന്നത്ത്കാവ്	കെൽട്രോൺ കോളനി

പട്ടികജാതിക്കാരായ സ്വയം തൊഴിൽ സംരംഭകർക്ക് ആനുകൂല്യങ്ങൾ

323 (989) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി സ്വയം തൊഴിൽ സംരംഭകർക്ക് കോഴി വളർത്തലിനായി പട്ടികജാതി സ്വയം സഹായ സംഘങ്ങൾവഴി കെപ്കോയ്ക്ക് അനുവദിച്ച യുക നാളിതുവരെ സംരംഭകർക്ക് വിതരണം ചെയ്തിട്ടില്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലെ തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡം പരിഷ്കരിക്കുന്നതിന് തീരുമാന മെടുത്തിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഷ്കരിച്ച് തീരുമാനം എടുത്തിട്ടുണ്ടോയെന്നും ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ എന്നും അറിയിക്കുമോ ;

(ഡി) ഇല്ലെങ്കിൽ പട്ടികജാതിക്കാരായ സ്വയം തൊഴിൽസംരംഭകർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസങ്ങൾ ഒഴിവാക്കു ന്നതിന് ശ്രദ്ധിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിവളർത്തൽ പദ്ധതിപ്രകാരം 90 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 2011-ൽ 2,80,08,000 രൂപ, അനുവദിച്ചു നൽകിയെങ്കിലും ലേബർ ചാർജ്ജ്, മെറ്റീരിയൽ ചാർജ്ജ് എന്നിവയിലുണ്ടായ വർദ്ധനവ് കാരണം പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയില്ലെന്നും അതുകൊണ്ട് പദ്ധതി പുനരാവിഷ്കരിക്കണമെന്ന് കെപ്കോ ആവശ്യപ്പെട്ടപ്രകാരം കെപ്കോയ്ക്ക് അനുവദിച്ച യുകയും ആയതിന്റെ പലിശയുംകൂടി ഉൾപ്പെടുത്തി പുതുക്കിയ പ്രോജക്ട് പ്രൊപ്പോസൽ കെപ്കോ സമർപ്പിച്ചത് വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കുകയും G.O.(Rt)218/15/ SCSTDD dt. 9-2-2015 പ്രകാരം പുതുക്കിയ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly